ഇഹ്സാൻ

# ബൈത്തുല്ലാ മഹ്സൂദ് അമേരിക്കയുടെ ഏജന്റ്?

പാകിസ്താന്റെ അതിർത്തി മേഖലയിലെ ഏറ്റവും അപകടകാരിയായിരുന്ന താലിബാൻ നേതാവ് ബൈത്തുല്ലാ മഹ്സൂദ് അമേരിക്കൻ ആക്രമണത്തിൽ കൊല്ലപ്പെട്ടതായാണ് ലോകം ഇപ്പോൾ വിശ്വസിക്കുന്നത്. ഇയാളെ കൊന്നതിന്റെ ഉത്തരവാദിത്വം അമേരിക്ക ഏറ്റെടുക്കുകയാണ് ചെയ്തത്. അതേസമയം ഇയാളെ ആര് കൊന്നു തുടങ്ങിയ കാര്യങ്ങൾ ഇപ്പോഴും പൂർണമായും സ്ഥിരീകരിച്ചിട്ടില്ല. ഇയാളെ അമേരിക്ക രക്ഷപ്പെടുത്തുകയാണ് ചെയ്തതെന്നു പോലും വിശ്വസിക്കുന്നവരുണ്ട്. അമേരിക്ക അവകാശപ്പെടുന്ന തീയതിയിൽ അല്ലെങ്കിലും മഹ്സൂദ് പിന്നീട് കൊല്ലപ്പെട്ടതായി താലിബാന്റേതെന്ന് പറയപ്പെടുന്ന ചില വൃത്തങ്ങൾ സമ്മതിച്ച കാര്യം ചില മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നുണ്ട്. എന്തായാലും കൊല്ലപ്പെട്ട മഹ്സൂദിന്റെ കാര്യത്തിൽ ഉപഭൂഖണ്ഡത്തിലെ ഏറ്റവും കനത്ത ദുരൂഹതകളാണ് ബാക്കിയുള്ളത്. മഹ്സൂദ് ആരായിരുന്നു, ആരുടെ താൽപര്യങ്ങൾക്കു വേണ്ടിയാണ് ഈ ഗോത്രവർഗ നേതാവ് ഇത്രയും കാലം നിലകൊണ്ടത്, യഥാർഥത്തിൽ ഇദ്ദേഹത്തെ കൊന്നത് അമേരിക്ക തന്നെയായിരുന്നോ തുടങ്ങി നിരവധി സംശയങ്ങൾ ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ട്.

ജിഹാദും താലിബാനും ഒരർഥത്തിൽ പരസ്പരപൂരകങ്ങളായി മാറിയ കാലത്താണ് നാം ജീവിക്കുന്നത്. പാകിസ്താനിൽ നിന്നും കേൾക്കുന്ന എല്ലാ പൊട്ടിത്തെറി സംഭവങ്ങൾക്കും പിന്നിൽ താലിബാൻ ആണെന്നാണ് മാധ്യമങ്ങൾ ആരോപിക്കാറുള്ളതും. അമേരിക്കയുടെ അഫ്ഗാൻ അധിനിവേശത്തിനും മുമ്പേ നാം കേട്ടുപരിചയിച്ച ജിഹാദിന് പിൽക്കാലത്ത് മൂല്യം നഷ്ടപ്പെടുകയാണ് ഉണ്ടായത്. സോവിയറ്റ് റഷ്യക്കെതിരെ അവസാനശ്വാസം വരെ പോരാടി ജയിച്ച അഫ്ഗാൻ മുജാഹിദുകൾ എന്തുകൊണ്ട് അമേരിക്കക്കെതിരെ ഫലപ്രദമായി രംഗത്തുവരുന്നില്ല എന്ന ചോദ്യവും മേഖലയെ നിരീക്ഷിക്കുന്നവരിൽ വർഷങ്ങളായി ഉയരുന്നുണ്ട്. ഒരുപക്ഷേ താലിബാൻ എന്ന സവിശേഷസംഘത്തിന്റെ ആവിർഭാവം മുതൽക്കാണ് അഫ്ഗാൻ ജിഹാദിന്റെ ദിശ തിരിയുന്നത്. ഒരേസമയം അധിനിവേശത്തിനെതിരെ പോരാടുകയും എന്നാൽ മതത്തിൽ അടിത്തറയില്ലാത്ത കാടൻ ഗോത്രവർഗ ആചാരങ്ങൾ ജനങ്ങൾക്കിടയിൽ ബലം പ്രയോഗിച്ച് അടിച്ചേൽപ്പിക്കുകയും ചെയ്യുന്നതായിരുന്നു ഇക്കൂട്ടരുടെ ജിഹാദിനെ വേറിട്ടു നിർത്തിയത്. നേരത്തെ ഉസ്ബെക്കുകാരും അറബികളും അഫ്ഗാനികളും നയിച്ച റഷ്യൻ ജിഹാദിന് ഇല്ലാതിരുന്ന മുഖം. താലിബാൻ അധികാരത്തിലെത്തിയതോടെ ആഗോളമാധ്യമങ്ങളിൽ ഇവരുടെ കാടത്തത്തെ കുറിച്ച കഥകൾ നിറഞ്ഞു കവിഞ്ഞു.

ബൈത്തുല്ലാ മഹ്സൂദും മുല്ലാ ദാദുല്ലയും റേഡിയോ ഫസ്ലുല്ലയും മുഫ്തി ശാക്കിർ മുനീറും ഹാജി മംഗൽബാഗ് അഫ്രീദിയും പീർ സൈഫുർറഹ്മാനുമൊക്കെയാണ് ഒരുപക്ഷേ ഇന്നത്തെ താലിബാന്റെ മുഖങ്ങൾ. മുല്ല ഉമറിനെ കുറിച്ചും ജലാലുദ്ദീൻ ഹഖാനിയെ കുറിച്ചും ഹിക്മതിയാറിനെ കുറിച്ചും അധികമൊന്നും കേൾക്കുന്നതേയില്ല. റഷ്യൻ അധിനിവേശകാലത്ത് കേട്ടുകേൾവി പോലുമില്ലാതിരുന്ന ഈ പുതിയ താലിബാൻ അവതാരങ്ങൾ അഫ്ഗാനിസ്താനിൽ നിന്നല്ല മറിച്ച് പാകിസ്താനിൽ നിന്നാണ് ഉയർന്നുവന്നത്. 'തഹ്രീകെ താലിബാനെ പാകിസ്താൻ' എന്ന ടി.ടി.പിയുടെ പേക്കൂത്തുകളാണ് മാധ്യമങ്ങളിൽ നിറയുന്നത്. പാകിസ്താനിലെ മസ്ജിദുകളിലായിരുന്നു അവർ ഏറ്റവുമധികം ബോംബുവെച്ചത്; വിശിഷ്യ സുന്നീ-ശിഈ തർക്കങ്ങളിൽ ഇടപെട്ടുകൊണ്ട്. പെഷാവറിലെ ഗേൾസ് സ്കൂളുകളിലും അങ്ങാടികളിലും നടന്ന എണ്ണമറ്റ ബോംബ് സ്ഫോടനങ്ങൾക്കു പിന്നിൽ ബൈത്തുല്ലാ മഹ്സൂദ് നയിച്ച ടി.ടി.പി ആയിരുന്നു. ഇസ്ലാമിനെ അവമതിക്കുന്ന തരം പ്രാദേശിക കാടൻ ഗവൺമെന്റുകൾക്ക് രൂപംനൽകി തങ്ങളെ എതിർക്കുന്നവരെ കഴുത്തറുത്തും ചമ്മട്ടിയടിച്ചും അവർ വാർത്തകളിൽ നിറഞ്ഞു. ഇസ്ലാമിന്റെ ശരിയായ വശങ്ങൾ ചൂണ്ടിക്കാട്ടി ടി.ടി.പിയെ എതിർത്ത മുസ്ലിം നേതാക്കളെയാണ് ബൈത്തുല്ലാ മഹ്സൂദ് ഏറ്റവുമധികം കൊലപ്പെടുത്തിയത് എന്നാണ് സൂക്ഷ്മമായ പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നത്.

എന്തായാലും മഹ്സൂദ് അടക്കമുള്ളവരെ യഥാർഥ താലിബാൻ തള്ളിപ്പറഞ്ഞിരുന്നു എന്നതാണ് വസ്തുത. ഇസ്ലാമിനെയും ജിഹാദിനെയും വികലമാക്കുന്നതിന് അമേരിക്കയും ഇസ്രയേലും ചേർന്ന് പണം കൊടുത്തുനിലനിർത്തുന്ന ചില ഗുണ്ടാസംഘങ്ങളാണ് ടി.ടി.പിയെന്ന് മറ്റാരുമല്ല സാക്ഷാൽ മുല്ലാ ഉമറിന്റെ പേരിലാണ് കഴിഞ്ഞ വർഷം പ്രസ്താവനയിറങ്ങിയത്. ഇവർക്കാവശ്യമായ ആയുധങ്ങളും റേഡിയോ നിലയങ്ങളും പണവും നൽകുന്നത് അമേരിക്കയാണെന്നും ഉമർ കുറ്റപ്പെടുത്തിയിരുന്നു. അഫ്ഗാനിസ്താനിലെ യഥാർഥ പോരാട്ടത്തിന്റെ വിലയിടിക്കാനാണ് തങ്ങളുടെ അതേ പേരിൽ ഇത്തരം സംഘങ്ങളെ രംഗത്തിറക്കിയതെന്നും ഇവർ അമേരിക്കയെയോ ഇസ്രയേലിനെയോ മാത്രമല്ല ഇന്ത്യൻ താൽപര്യങ്ങളെ പോലും നേർക്കുനേരെ ചോദ്യം ചെയ്യുന്ന നീക്കങ്ങളിൽ ഇന്നേവരെ ഏർപ്പെട്ടിട്ടില്ലെന്നും അഫ്ഗാൻ താലിബാൻ ചൂണ്ടിക്കാട്ടിയിരുന്നു. പാകിസ്താന്റെ വടക്കൻ അതിർത്തിയിലെ ജനങ്ങളെ അഫ്ഗാൻ താലിബാന് എതിരെ തിരിച്ചുവിടാനായിരുന്നു മഹ്സൂദ് ഇക്കഴിഞ്ഞ കാലമത്രയും ശ്രമിച്ചുകൊണ്ടിരുന്നത്. ഒരുവേള ബേനസീർ ഭുട്ടോവിനെ വധിച്ചതു പോലും ഇയാളായിരിക്കാമെന്ന് കരുതുന്നവരുണ്ട്. സർദാരിയും അമേരിക്കയുമൊക്കെ അക്കാര്യത്തിൽ ഒത്താശ ചെയ്തിരിക്കാമെങ്കിൽ കൂടി. എങ്ങനെ നോക്കിയാലും ഈ തെമ്മാടിവർഗത്തെ കൊണ്ട് അമേരിക്കക്ക് നേട്ടമല്ലാതെ ഒരു നഷ്ടവും ഇന്നോളമുണ്ടായിട്ടില്ല. എന്നിട്ടും അമേരിക്ക ബൈത്തുല്ലയെ മിസൈൽ തൊടുത്ത് കൊന്നുവെന്ന് നാം വിശ്വസിക്കേണ്ടി വരികയാണ്.

മഹ്സൂദിനെ ഒറ്റിക്കൊടുത്തതിന് അദ്ദേഹത്തിന്റെ ഭാര്യാപിതാവിനെ താലിബാൻ കസ്റ്റഡിയിലെടുത്തു എന്ന റിപ്പോർട്ട് ശ്രദ്ധിക്കുക. മിക്കവാറും ഇയാൾ അമേരിക്കൻ കസ്റ്റഡിയിൽ ആവാനേ തരമുള്ളൂ. താലിബാന്റെ കസ്റ്റഡിയിലാണ് പെട്ടതെങ്കിൽ മികച്ച പാരിതോഷികം നൽകി ഇദ്ദേഹത്തെ ആദരിക്കുകയാണ് അവർ ചെയ്യുക. മഹ്സൂദ് കൊല്ലപ്പെട്ടുവെങ്കിൽ അതിന് പിന്നിൽ പ്രവർത്തിച്ചിട്ടുണ്ടാവുക അഫ്ഗാൻ താലിബാനാണ്. ഒരു സംശയവുമില്ല അക്കാര്യത്തിൽ. ■